എ.വൈ.ആർ

**ആളുകൾ ആഗ്രഹിക്കുന്നത് സത്യവും ധർമവുമൊക്കെ അവരുടെ ജഢികേഛരക്കനുസരിച്ച് ചരിക്കുന്നതായിരിക്കണമെന്നാണ്. സ്വന്തം അഭിനിവേശങ്ങൾക്കും വികാരാവേശങ്ങൾക്കും വിഘാതമായതെല്ലാം പ്രകൃതിവിരുദ്ധവും അധർമവുമാണവർക്ക്. അതിനു സഹായകമായതെല്ലാം പ്രകൃതിപരവും ധർമവും. സ്വന്തം ഇഷ്ടങ്ങളെയും തോന്നലുകളെയും ശരിവെക്കുന്ന ഏതു ആശയത്തെയും അമൂല്യമായ ആദർശങ്ങളും പ്രത്യയശാസ്ത്രങ്ങളുമായി സ്വീകരിക്കാനും ജീവിതം അതിനു സമർപ്പിക്കാനും തയാറാകുന്നു.**



وَلَوِ ٱتَّبَعَ ٱلۡحَقُّ أَهۡوَآءَهُمۡ لَفَسَدَتِ ٱلسَّمَٰوَٰتُ وَٱلۡأَرۡضُ وَمَن فِيهِنَّۚ بَلۡ أَتَيۡنَٰهُم بِذِكۡرِهِمۡ فَهُمۡ عَن ذِكۡرِهِم مُّعۡرِضُونَ ﴿٧١﴾

71. എന്നാൽ സത്യം ജനത്തിന്റെ അഭിനിവേശങ്ങൾക്കൊത്ത് വർത്തിച്ചിരുന്നുവെങ്കിൽ വാനലോകവും ഭൂലോകവും അവയിൽ വസിക്കുന്നവരൊക്കെയും നശിച്ചുപോയതുതന്നെ. പക്ഷേ, നാം അവർക്കു വേണ്ടിയുള്ള ഉദ്ബോധനം എത്തിച്ചുകൊടുത്തിരിക്കുകയാകുന്നു. അവരോ, ആ ഉദ്ബോധനത്തിൽനിന്ന് തിരിഞ്ഞുകളയുന്നു.

**71**

وَلَوِ ٱتَّبَعَ = പിന്തുടർന്നാൽ, ഒത്തുവർത്തിച്ചാൽ ٱلۡحَقُّ = സത്യം
أَهۡوَآءَهُمۡ = അവരുടെ ഭ്രമങ്ങളെ, അഭിനിവേശങ്ങളെ لَفَسَدَتِ = നശിച്ചുപോയതുതന്നെ
ٱلسَّمَٰوَٰتُ وَٱلۡأَرۡضُ = വാനലോകവും ഭൂലോകവും وَمَن فِيهِنَّۚ = അവയിൽ ഉള്ളവരും (വസിക്കുന്നവരൊക്കെയും)
بَلۡ = പക്ഷേ أَتَيۡنَٰهُم = നാം അവരിൽ വന്നു(ർക്ക് എത്തിച്ചുകൊടുത്തിരിക്കുകയാകുന്നു)
بِذِكۡرِهِمۡ = അവരുടെ(വർക്ക് വേണ്ടിയുള്ള) ഉദ്ബോധനം فَهُمۡ = അവരോ
عَن ذِكۡرِهِم = അവരുടെ (ആ) ഉദ്ബോധനത്തിൽ നിന്ന് مُّعۡرِضُونَ = തിരിഞ്ഞുകളയുന്നു(ന്നവരാകുന്നു)

ആളുകൾ ആഗ്രഹിക്കുന്നത് സത്യവും ധർമവുമൊക്കെ അവരുടെ ജഢികേഛരക്കനുസരിച്ച് ചരിക്കുന്നതായിരിക്കണമെന്നാണ്. സ്വന്തം അഭിനിവേശങ്ങൾക്കും വികാരാവേശങ്ങൾക്കും വിഘാതമായതെല്ലാം പ്രകൃതിവിരുദ്ധവും അധർമവുമാണവർക്ക്. അതിനു സഹായകമായതെല്ലാം പ്രകൃതിപരവും ധർമവും. സ്വന്തം ഇഷ്ടങ്ങളെയും തോന്നലുകളെയും ശരിവെക്കുന്ന ഏതു ആശയത്തെയും അമൂല്യമായ ആദർശങ്ങളും പ്രത്യയശാസ്ത്രങ്ങളുമായി സ്വീകരിക്കാനും ജീവിതം അതിനു സമർപ്പിക്കാനും തയാറാകുന്നു. പരസ്പരം താൽപര്യം തോന്നുന്ന സ്ത്രീ പുരുഷന്മാർക്ക് ഒന്നിച്ചിരിക്കാനും ഒരുമിച്ചു കിടക്കാനും കുട്ടികളെ ജനിപ്പിക്കാനും സ്വാതന്ത്ര്യമുണ്ട്. ആർക്കും ഒരു ഉത്തരവാദിത്തവുമില്ല. അതിന് നിയന്ത്രണമേർപ്പെടുത്തുന്നത് ലൈംഗിക സ്വാതന്ത്ര്യത്തിന്റെ നിഷേധമാണ്. അനീതിയാണ്. ഒരൊറ്റ ദൈവത്തെ മാത്രം ആരാധിക്കുന്നതും സ്വാതന്ത്ര്യ നിഷേധമാണ്. പല ദൈവങ്ങളുണ്ടാവട്ടെ, പലതരം ആരാധനകളുമുണ്ടാവട്ടെ. അപ്പോൾ എല്ലാവർക്കും അവരവർക്കിഷ്ടമുള്ള ദൈവത്തെ സ്വീകരിക്കാം. ആദർശങ്ങളും ധർമങ്ങളും ഈവിധം മനുഷ്യന്റെ അഭിനിവേശങ്ങൾക്കൊത്ത് രൂപപ്പെടുന്നതോ പ്രവർത്തിക്കുന്നതോ അല്ല. പ്രത്യുത ഈ അണ്ഡകടാഹത്തിന്റെ സൃഷ്ടിയുടെയും നിലനിൽപിന്റെയും അധിഷ്ഠാനങ്ങളാണത്. സർവജ്ഞനായ ഒരൊറ്റ ശക്തി-ദൈവം- ആസൂത്രണം ചെയ്ത സംവിധാനമാണത്. പുറമെ നിന്ന് ആർക്കും അതിൽ ഇടപെടാനാവില്ല. ഇടപെടുക എന്നതിനർഥം ഇടപെടുന്നവരുടെ ഇഛാനുസാരം അതിൽ മാറ്റങ്ങൾ വരുത്തുക എന്നാണ്. പ്രപഞ്ച സംവിധാനത്തിലുണ്ടാകുന്ന ഏതു വ്യതിയാനവും പ്രപഞ്ചത്തിന്റെയും അതിലുള്ള അഖിലത്തിന്റെയും വാഴ്‌വിനെ തകിടം മറിക്കുന്നു; വ്യതിയാനമുണ്ടാകുന്നത് മനുഷ്യന്റെ ഇഛയാലായാലും ശരി, ദൈവമല്ലാത്ത മറ്റേതു ശക്തിയുടെ ഇഛയാലായാലും ശരി. ഇക്കാര്യം ഖുർആൻ പലവട്ടം പ്രസ്താവിച്ചിട്ടുണ്ട്. ഉദാ: قُل لَّوۡ كَانَ مَعَهُۥٓ ءَالِهَةٞ كَمَا يَقُولُونَ إِذٗا لَّٱبۡتَغَوۡاْ إِلَىٰ ذِي ٱلۡعَرۡشِ سَبِيلٗا (പ്രവാചകൻ അവരോട് പറയുക: അവർ ജൽപിക്കുന്നതുപോലെ അവനോടൊപ്പം വേറെയും ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ അവരൊക്കെയും സിംഹാസനാധിപന്റെ സ്ഥാനത്തെത്താൻ ശ്രമിക്കുമായിരുന്നു- 17:42). لَوۡ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَا (ആകാശഭൂമികളിൽ അല്ലാഹുവല്ലാതെ ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ രണ്ടും നശിച്ചു

പോയതുതന്നെ-21:22).

ദേഹേഛകളുടെയും സത്യത്തിന്റെയും പ്രകൃതികൾ തമ്മിൽ ധ്രുവാന്തരമുണ്ട്. ദേഹേഛകളുടെ തേട്ടത്തിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് സത്യത്തിന്റെ താൽപര്യങ്ങൾ. ഖുർആനും പ്രവാചക സന്ദേശങ്ങളുമൊക്കെ തങ്ങളുടെ താൽപര്യങ്ങൾക്കൊത്തുവരികയാണെങ്കിൽ അതിലൊക്കെ വിശ്വസിക്കാം എന്നതുപോലുള്ള ഇവരുടെ അഭിലാഷങ്ങളുടെ പിമ്പേ നടക്കുകയാണ് സത്യമെങ്കിൽ മുഴുവൻ പ്രപഞ്ചവും നശിച്ചുപോവുക അതിന്റെ അനിവാര്യ ഫലമാകുന്നു. കാരണം അപ്പോൾ നന്മയുടെ സ്ഥാനം തിന്മയും ധർമത്തിന്റെ സ്ഥാനം അധർമവും ഉത്തരവാദിത്തബോധത്തിന്റെ സ്ഥാനം ഉത്തരവാദിത്ത രാഹിത്യവും സർവോപരി ഏക സത്യദൈവത്തിന്റെ സ്ഥാനം അനേകം കൃത്രിമ ദൈവങ്ങളും കൈയടക്കുന്നു. ലോകത്തിന്റെ ധാർമിക വ്യവസ്ഥയാകെ താറുമാറാകുന്നു. ബഹുദൈവങ്ങളുടെ സാന്നിധ്യത്തിൽ ഈ പ്രപഞ്ചം ഒരു ദിവസം പോലും നിലനിൽക്കുകയില്ല. ഈ സൂറയുടെ 91-ാം സൂക്തത്തിൽ അതിപ്രകാരം വ്യക്തമാക്കുന്നുണ്ട്.

مَا ٱتَّخَذَ ٱللَّهُ مِن وَلَدٍ وَمَا كَانَ مَعَهُۥ مِنْ إِلَٰهٍ ۚ إِذًا لَّذَهَبَ كُلُّ إِلَٰهٍۭ بِمَا خَلَقَ وَلَعَلَا بَعْضُهُمْ عَلَىٰ بَعْضٍ

(അല്ലാഹു ഒരു സന്തതിയെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം മറ്റൊരു ദൈവം ഉണ്ടായിട്ടുമില്ല. അങ്ങനെ ഉണ്ടായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതും കൊണ്ട് വേറിട്ട് പോകുമായിരുന്നു. അവർ പരസ്പരം മെക്കിട്ടു കയറുകയും ചെയ്യുമായിരുന്നു).

..... بَلْ جَآءَهُم بِٱلْحَقِّ എന്ന വാക്യത്തിന്റെ മറ്റൊരു ഭാഷ്യമാണ് .... بَلْ أَتَيْنَٰهُم എന്ന വാക്യം. ഈ പ്രവാചകനെ സത്യസന്ദേശവുമായി അവരിലേക്കയച്ചതിന്റെ ഉദ്ദേശ്യമെന്താണെന്നും, പക്ഷേ, ജനങ്ങൾ അതിനോട് സ്വീകരിക്കുന്നത് നിഷേധാത്മക സമീപനമാണെന്നുമാണ് ഇതിൽ സൂചിപ്പിക്കുന്നത്. മനുഷ്യന്റെ സൃഷ്ടിലക്ഷ്യവും ജീവിതത്തിന്റെ ശരിയായ ക്രമവും സൃഷ്ടിയെ പഠിപ്പിക്കേണ്ടത് സ്രഷ്ടാവായ അല്ലാഹുവിന്റെ ചുമതലയാണ്. മനുഷ്യന്റെ പ്രകൃതിയിൽ ഈ ലക്ഷ്യവും ക്രമവും ഉൾച്ചേർന്നിട്ടുണ്ടെങ്കിലും അവിദ്യയും അശ്രദ്ധയും മൂലം അവനതു മറന്നുപോകുന്നു. അപ്പോൾ അത് വീണ്ടും അവനെ ഓർമിപ്പിക്കേണ്ടതുണ്ട്. അത് അല്ലാഹുവിന് അവനോടുള്ള സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും താൽപര്യമാണ്. അത് കൂടി ചെയ്യുമ്പോഴേ നാളെ അവനെ വിചാരണ ചെയ്യുന്നതിനുള്ള ന്യായം പൂർത്തിയാകൂ. പാഠം, അനുസ്മരണം, ഉദ്ബോധനം, ഭജനം തുടങ്ങിയ ആശയങ്ങൾ വഹിക്കുന്ന പദമാണ് ذكر. പ്രവാചക സന്ദേശം ഈ അർഥങ്ങളിലെല്ലാം മനുഷ്യർക്കുള്ള ذكر ആകുന്നു. അല്ലാഹുവിന് മനുഷ്യരോടുള്ള സ്നേഹ കാരുണ്യത്തിന്റെ താൽപര്യവും തന്റെ ഭാഗത്തുനിന്നുള്ള ന്യായപൂർത്തീകരണവും, മനുഷ്യരെ സംബന്ധിച്ചേടത്തോളം അവരുടെ ഉണ്മയുടെ പൊരുളും വിജയപരാജയങ്ങളുടെ മൗലിക മാനവുമായ ഈ സന്ദേശം പക്ഷേ, അധിക ജനങ്ങളും അവഗണിച്ചു തള്ളുകയാണ്. അത് ഭൗതിക ജീവിതത്തിന്റെ ക്ഷുദ്രമായ ആസക്തികൾ ശമിപ്പിക്കാൻ സഹായകമായേക്കാം. പക്ഷേ, ദേഹേഛകളോടുള്ള അടിമത്തത്തിന്റെ ആത്യന്തിക ഫലം ഭൗതിക ലോകത്തു തന്നെ കൊടിയ നാശമായിരിക്കും. പരലോകത്താകട്ടെ ശാശ്വതമായ ദുരിതവും പരാജയവും മാത്രമാണ്. ■

---

أَمْ تَسْـَٔلُهُمْ خَرْجًا فَخَرَاجُ رَبِّكَ خَيْرٌ ۖ وَهُوَ خَيْرُ ٱلرَّٰزِقِينَ ﴿٧٢﴾

**72.** അല്ല, നീ അവരോട് വല്ല വരുമാനവും ചോദിക്കുന്നുണ്ടോ? എന്നാൽ വിധാതാവിങ്കൽ നിന്നുള്ള ചുങ്കമാകുന്നു നിനക്ക് ഏറ്റം വിശിഷ്ടമായിട്ടുള്ളത്. വിഭവ ദാതാക്കളിൽ അത്യുത്തമൻ അവൻ തന്നെ.

وَإِنَّكَ لَتَدْعُوهُمْ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٧٣﴾

**73.** നേരായ വഴിക്കു തന്നെയാണ് നീ അവരെ വിളിക്കുന്നത്.

وَإِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْءَاخِرَةِ عَنِ ٱلصِّرَٰطِ لَنَٰكِبُونَ ﴿٧٤﴾

**74.** എന്നാൽ പരലോകത്തിൽ വിശ്വസിക്കാത്തവർ ആ നേർവഴിയോട് പിണങ്ങുക തന്നെ ചെയ്യുന്നു.

**72 - 74**

أَمْ تَسْـَٔلُهُمْ = അല്ല, നീ അവരോട് ചോദിക്കുന്നുണ്ടോ  خَرْجًا = വല്ല വരുമാനവും

فَخَرَاجُ رَبِّكَ = നിന്റെ വിധാതാവിങ്കൽ നിന്നുള്ള ചുങ്കമാകുന്നു  خَيْرٌ = (നിനക്ക്) ഏറ്റവും വിശിഷ്ടമായിട്ടുള്ളത്

وَهُوَ خَيْرُ ٱلرَّٰزِقِينَ = വിഭവ ദാതാക്കളിൽ അത്യുത്തമൻ അവൻ തന്നെ  وَإِنَّكَ = തീർച്ചയായും നീ

لَتَدْعُوهُمْ = അവരെ വിളിക്കുന്നു(ന്നത്)  إِلَىٰ صِرَٰطٍ مُّسْتَقِيمٍ = നേരായ വഴിയിലേക്ക് (തന്നെയാണ്)

وَإِنَّ ٱلَّذِينَ لَا يُؤْمِنُونَ بِٱلْـَٔاخِرَةِ = (എന്നാൽ) പരലോകത്തിൽ വിശ്വസിക്കാത്തവർ
عَنِ ٱلصِّرَٰطِ = ആ നേർവഴിയോട് لَنَـٰكِبُونَ = പിണങ്ങുന്നവർ തന്നെ (പിണങ്ങുക തന്നെ ചെയ്യുന്നു)

പ്രവാചകനെ അവിശ്വസിക്കാൻ പറയാവുന്ന മറ്റൊരു കാരണം ഉന്നയിച്ചു ഖണ്ഡിക്കുകയാണീ സൂക്തം. മൂലത്തിലെ خرج ഉം خراج ഉം മൗലികമായി ഒന്നാണെങ്കിലും പ്രയോഗത്തിൽ വ്യത്യാസമുണ്ട്. നികുതി, ചുങ്കം, തീരുവ, റോയൽറ്റി പോലുള്ള നിയമപരമായ വരുമാനങ്ങൾക്കാണ് خراج ഉപയോഗിക്കാറുള്ളത്. خرج ന് നികുതിക്ക് പുറമെ വരുമാനം, വിളവ്, ഉൽപന്നം, പ്രതിഫലം, സമ്മതം തുടങ്ങിയ അർഥങ്ങളുമുണ്ട്. പ്രവാചകൻ ഈ ദൗത്യനിർവഹണത്തിന്റെ പേരിൽ ജനങ്ങളോട് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ലാഭം ആവശ്യപ്പെടുന്നുണ്ടോ എന്നാണ് أَمْ تَسْـَٔلُهُمْ خَرْجًا എന്ന വാക്കിന്റെ താൽപര്യം. ഉണ്ടെങ്കിൽ ധനസമ്പാദനത്തിനു വേണ്ടി സംഘടിപ്പിച്ച തന്ത്രമാണീ പ്രസ്ഥാനം എന്നു പറഞ്ഞ് അവർക്ക് അവിശ്വസിക്കാം. പക്ഷേ, പ്രവാചകൻ അവരോട് ഒരു തരത്തിലുള്ള സാമ്പത്തിക ലാഭവും തേടുന്നില്ല. എന്നല്ല, ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിൽ നിരതനാകുന്നതിലൂടെ നേരത്തെ നേടിയ ധനം നഷ്ടപ്പെടുകയും വരുമാന മാർഗങ്ങൾ അടയുകയുമാണ് ചെയ്യുന്നത്. ഈ പ്രബോധനത്തിന്റെ പേരിൽ യാതൊരു പ്രതിഫലവും വേണ്ടെന്നും, തങ്ങൾക്ക് പ്രതിഫലം ലഭിക്കേണ്ടത് ലോക നാഥനായ അല്ലാഹുവിങ്കൽ നിന്നാണെന്നും എല്ലാ പ്രവാചകന്മാരും ജനങ്ങളോട് തുറന്നു പറഞ്ഞിട്ടുണ്ട്. ജനങ്ങളിൽ നിന്ന് വല്ല പ്രതിഫലവും തേടുന്നുവെങ്കിൽ അത് അവർ അല്ലാഹുവിങ്കലേക്കുള്ള മാർഗം സ്വീകരിക്കുക എന്നതു മാത്രമാണ്. وَمَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِىَ إِلَّا عَلَىٰ رَبِّ ٱلْعَـٰلَمِينَ (ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോകനാഥനായ അല്ലാഹുവിങ്കൽ മാത്രമാകുന്നു- 26:109, 127, 145,164,170). മുഹമ്മദ് നബിയോട് അല്ലാഹു കൽപിക്കുന്നു:

قُلْ مَآ أَسْـَٔلُكُمْ عَلَيْهِ مِنْ أَجْرٍ إِلَّا مَن شَآءَ أَن يَتَّخِذَ إِلَىٰ رَبِّهِۦ سَبِيلًا ﴿٥٧﴾

(പറയുക: ഞാൻ ഈ ദൗത്യത്തിന് നിങ്ങളോട് ഒരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. ഇഷ്ടമുള്ളവർ തന്റെ വിധാതാവിങ്കലേക്കുള്ള മാർഗം സ്വീകരിക്കുക എന്നതു മാത്രമാകുന്നു എന്റെ പ്രതിഫലം-25:57). إِنْ أَجْرِىَ إِلَّا عَلَىٰ رَبِّ ٱلْعَـٰلَمِينَ എന്നതിനു പകരം ഇവിടെ خراج ربك എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ആദ്യം പറഞ്ഞ خرج നോട് കൂടുതൽ സ്വാരസ്യം പുലർത്തുന്നതാണ് خراج . خرج-ൽ സന്മനസ്സായി കൊടുക്കുന്ന ദാനവും സംഭാവനയും, ഒപ്പം വൈമുഖ്യത്തോടെ കൊടുക്കുന്ന ചുങ്കം പോലുള്ള മറ്റു ഭോഗങ്ങളും ഉൾപ്പെടുന്നു. അല്ലാഹുവിന്റെ ചുങ്കം خراج വൈമുഖ്യത്തോടെ ഒടുക്കുന്നതല്ല. ഇഷ്ടമില്ലാത്ത ഒരു കാര്യവും ചെയ്യാൻ അവനെ നിർബന്ധിക്കുന്ന യാതൊരു ശക്തിയുമില്ല. താൻ നിയോഗിച്ച ദൂതന്മാർക്ക് വേതനം നൽകുക അവന്റെ തന്നെ നടപടിക്രമ (സുന്നത്ത്) പ്രകാരമുള്ള ചുമതലയാണ്. ജനങ്ങൾ ഔദാര്യമായി നൽകുന്ന ദാനത്തെക്കാളും അർധമനസ്സോടെ നൽകുന്ന ഭോഗങ്ങളെക്കാളുമെല്ലാം വിശിഷ്ടമാണ് അല്ലാഹു അവൻ ഏറ്റെടുത്ത ചുമതല എന്ന നിലയിൽ നൽകുന്ന വേതനം. വേതനം നൽകാനുള്ള ചുമതലയുടെ ആശയവും കൂടി ഉൾക്കൊള്ളുന്നതാണ് خراج എന്ന പദ പ്രയോഗം. സൂക്ത താൽപര്യം ഇതാണ്: നീ ഈ സന്ദേശം അവതരിപ്പിക്കുന്നതിന്റെ പേരിൽ ജനത്തോട് പ്രതിഫലമൊന്നും ആവശ്യപ്പെടുന്നില്ലല്ലോ. ഉണ്ടെങ്കിൽ പണം സമ്പാദിക്കാനുള്ള തന്ത്രം എന്നു പറഞ്ഞ് അവർക്ക് നിന്നെ നിരാകരിക്കാമായിരുന്നു. ആൾദൈവങ്ങളും പുരോഹിതന്മാരുമൊക്കെ അങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നുണ്ടല്ലോ. അല്ലെങ്കിൽ ഇയാളുടെ കൂടെ കൂടിയാൽ തങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യത പേറേണ്ടിവരുമെന്ന് കരുതി മാറി നിൽക്കാമായിരുന്നു. പക്ഷേ, ദൈവദൂതന് നിങ്ങളുടെ വേതനം ആവശ്യമില്ല. അദ്ദേഹത്തിന്റെ വേതനം അദ്ദേഹത്തെ നിയോഗിച്ച അല്ലാഹുവിന്റെ ചുമതലയാണ്. അത് അവൻ നിറവേറ്റിക്കൊള്ളും. ഏറ്റവും വിശിഷ്ടനായ വിഭവദാതാവാണവൻ. പ്രവാചകൻ ആത്മീയതയുടെ വ്യാപാരിയൊന്നുമല്ല. മറിച്ച് സത്യ പ്രബോധകനാണ്. അദ്ദേഹത്തിന്റെ പാഥേയവും വാഹനവും അദ്ദേഹത്തോടൊപ്പം തന്നെയുണ്ട്. പ്രവാചകൻ ജനങ്ങളെ വിളിക്കുന്നത് നേരായ പാതയിലേക്കു തന്നെയാണ്. അല്ലാതെ സ്വന്തം അധികാര ലബ്ധിയുടെയോ സാമ്പത്തിക ലാഭത്തിന്റെയോ വഴിക്കല്ല. അദ്ദേഹത്തിന്റെ പ്രബോധനം മുൻധാരണയില്ലാതെ നിഷ്പക്ഷമായി മനനം ചെയ്യുന്നവർക്ക് അക്കാര്യം ബോധ്യമാകും. ഈ ബോധ്യം അവരുടെ ജീവിതത്തെ സ്വാധീനിക്കണമെങ്കിൽ അവർക്ക് മരണാനന്തര ജീവിതത്തിൽ വിശ്വാസമുണ്ടാവണം. ഈ ജീവിതത്തിലെ സകലമാന ചലനങ്ങൾക്കും ഒരുനാൾ കണക്കു പറയേണ്ടിവരുമെന്ന ബോധമുണ്ടാവണം. ആ വിശ്വാസവും ബോധവുമില്ലാത്തവർ ഈ സന്ദേശം സത്യമാണെന്നു ബോധ്യപ്പെട്ടാലും നേരായ ജീവിത പാതയിൽ നിന്ന് പിണങ്ങിപ്പോകും. ഒരു കാര്യത്തിൽ നിന്ന് വ്യതിചലിച്ചതിനും പിണങ്ങിപ്പോയതിനും نكب عنه എന്നു പറയും. نكب-യുടെ ബഹുവചന കർതൃപദമാണ് ناكبون . ചില ഭാഷാഭിജ്ഞരുടെ വീക്ഷണത്തിൽ نكب ഉം ناكب ഉം منكب (ചുമൽ) ൽ നിന്ന് നിഷ്പന്നമാണ്. ആളുകൾ ഇഷ്ടമില്ലാത്ത കാര്യങ്ങളിൽ നിന്ന് മുഖം ചുമലിന്റെ ഭാഗത്തേക്ക് തിരിക്കുമല്ലോ. അതിനെ ആസ്പദമാക്കിയാണ് അതിൽനിന്ന് نكب യും ناكب ഉം ഒക്കെ നിഷ്പാദിതമായത്. نكب അകന്നുപോയി, പരിഹസിച്ചു, കൂട്ടിയിടിച്ചു തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കും. ഈ അർഥങ്ങളും ഇവിടെ അസംഗതമല്ല.

പ്രവാചകന് ഒരു യാഥാർഥ്യം വിശദീകരിച്ചു കൊടുത്തിരിക്കുകയാണിവിടെ. അതായത്, പ്രവാചകൻ അവതരിപ്പിച്ച ധർമ മാർഗത്തിൽ നിന്ന് ആളുകൾ അകന്നുപോകുന്നുവെങ്കിൽ അത് ഈ മാർഗം വക്രമായതുകൊണ്ടോ ജടിലമായതുകൊണ്ടോ അവ്യക്തമായതുകൊണ്ടോ, പിന്തുടരുക അസാധ്യമായതുകൊണ്ടോ ഒന്നുമല്ല. തികച്ചും നേരായ പാതയാണിത്. കുഴപ്പം അതിനെ സമീപിക്കുന്ന മനസ്സുകളുടേതാണ്. അവർ മരണാനന്തര ജീവിതത്തിൽ വിശ്വസിക്കാൻ തയാറല്ല. പരലോക നിഷേധം അവരെ സാക്ഷാൽ സത്യത്തിന്റെയും ധർമത്തിന്റെയും മാർഗത്തിൽ നിന്ന് പിണങ്ങിപ്പോകാൻ നിർബന്ധിതരാക്കുന്നു. ഈ ലോകത്തോടൊപ്പം പരലോകത്തെയും അംഗീകരിക്കാൻ വിസമ്മതിക്കുന്നവർക്ക് ജീവിതത്തിന്റെ യഥാർഥ ലക്ഷ്യവും മാർഗവും കണ്ടെത്താനോ നിർണയിക്കാനോ കഴിയുന്നില്ല. ■